MONDAY 19-09-2022 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S

Editor : Dr Saritha Vijayan K

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-19/09/2022.

1. കുട്ടനാട്ടിൽ രണ്ടാംകൃഷി ഇറക്കിയ, ചമ്പക്കുളം, കൈനകരി, നെടുമുടി, എടത്വാ, പുന്നപ്ര നോർത്ത്, പുന്നപ്ര സൗത്ത്, കരുവാറ്റ, ആലപ്പുഴ എന്നീ കൃഷിഭവനുകളുടെ പാടശേഖരങ്ങളിൽ, മുഞ്ഞയുടെ സാന്നിധ്യം കാണുന്നുണ്ട്. ഈ സാഹചര്യത്തിൽ കർഷകർ വളരെ കരുതലോടു കൂടിയിരിക്കണം. സാങ്കേതിക നിർദ്ദേശം പ്രകാരമല്ലാതെ ഒരു കീടത്തിനെതിരെയും രാസകീടനാശിനികൾ പ്രയോഗിക്കരുത്. കൃഷിയിടത്തിൽ പ്രയോഗിക്കുന്ന ഏതൊരു കീടനാശിനിയും തുടർന്ന് മുഞ്ഞയുടെ വംശവർദ്ധനവിന് ഇടയാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ കർഷകർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. ഏതെങ്കിലും സാഹചര്യത്തിൽ മുഞ്ഞയുടെ ആക്രമണം രൂക്ഷമായി കീടനാശിനി പ്രയോഗം ആവശ്യമായി വരുന്ന പക്ഷം മങ്കൊമ്പ് കീടനിരീക്ഷണ കേന്ദ്രവുമായോ അതത് കൃഷിഭവനുമായോ ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470696** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. ഫാം ഇൻഫർമേഷൻ ബ്യൂറോ **ഞങ്ങളും കൃഷിയിലേക്ക്** എന്ന വിഷയത്തെ അടിസ്ഥാനമാക്കി നോൺ ചാനൽ വിഭാഗത്തിലും ടിവി ചാനൽ വിഭാഗത്തിലും ഡിജിറ്റൽ വീഡിയോ മത്സരം, ഡിജിറ്റൽ ഫോട്ടോഗ്രാഫി മത്സരം, കാർഷിക ലേഖന രചന മത്സരം, കാർഷിക ചെറുകഥ രചന മത്സരം എന്നിവയ്ക്കായി എൻട്രികൾ ക്ഷണിക്കുന്നു. എൻട്രികൾ ഈ മാസം 30-ന് (സെപ്റ്റംബർ 30) മുൻപായി **എഡിറ്റർ, കേരള കർഷകൻ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം-03** എന്ന മേൽവിലാസത്തിൽ ഹാർഡ് ഡിസ്ക്, പെൻഡ്രൈവ് വഴി നേരിട്ടോ അല്ലെങ്കിൽ fibshortfilmcontest@gmail.com എന്ന ഇമെയിലിലോ, **6238039997** എന്ന വാട്ട്സാപ്പ് നമ്പറിലോ, fibkerala എന്ന ഫേയ്സ്ബുക്ക് പേജിൽ മെസഞ്ചർ വഴിയോ അയയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2314358, 6238039997** എന്നീ ഫോൺ നമ്പറിലോ ബന്ധപ്പെടുക.

3. മൃഗസംരക്ഷണ വകുപ്പ് റാബീസ് ഫ്രീ കേരള പദ്ധതി പ്രകാരം സെപ്റ്റംബർ മാസം പ്രതിരോധ മാസമായാണ് ആചരിക്കുന്നത്. ഇതിന്റെ ഭാഗമായി വളർത്തു നായ്ക്കൾക്ക് റാബീസ് പ്രതിരോധ കുത്തിവെപ്പ് നടത്തിവരുന്നു. എല്ലാവരും അവരുടെ വളർത്തുനായ്ക്കൾക്ക് ആദ്യത്തെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മൂന്നുമാസത്തിനുള്ളിലും തുടർന്ന് നാലാം മാസത്തിലും പിന്നീട് ഓരോ വർഷവും പേവിഷ പ്രതിരോധ കുത്തിവെപ്പ് നടത്തേണ്ടതാണ്.

4. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ പത്ത് രൂപ നിരക്കിൽ **സെപ്റ്റംബർ 20, 23, 27, 30** തീയതികളിൽ വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ, മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ, അത്യൽപാദന ശേഷിയുള്ള സങ്കരയിനം തെങ്ങിൻ തൈകളായ കേരശ്രീ, കേരസങ്കര, കേരഗംഗ എന്നിവയുടെ വലി തൈകൾ (മൊത്തം 400 എണ്ണം) ലഭ്യമാണ്. വില 250/- രൂപ. ബുക്കിങ്ങ് ഉണ്ടായിരിക്കുന്നതല്ല.

**പരിശീലന പരിപാടികൾ**

6. നായ, പൂച്ച, അലങ്കാര പക്ഷികൾ, പുതിയ ഇനം ഓമന മൃഗങ്ങൾ എന്നിവുടെ പരിചരണം, തീറ്റക്രമം, അസുഖങ്ങൾ, പ്രാഥമിക ചികിത്സ വളർത്താനുള്ള ക്രമങ്ങൾ, ലൈസൻസിങ്ങ്, വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ എന്നീ സാങ്കേതിക വിഷയങ്ങളും, പേവിഷബാധ പ്രതിരോധിക്കാനുള്ള പ്രത്യേക ക്ലാസ്സുകളും അടങ്ങിയ ഏകദിന പരിശീലന പരിപാടി തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നടത്തപ്പെടുന്നു. പരിശീലന ഫീസ് 500/- രൂപ. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവൃത്തി ദിനങ്ങളിൽ രാവിലെ 10 മുതൽ 4 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യുക

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഈ പഠനകേന്ദ്രം തേനീച്ചവളർത്തൽ എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന മാസിവ് ഓപ്പൺ ഓൺലൈൻ കോഴ്സിന്റെ പുതിയ ബാച്ച് ഈ മാസം 22 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഇതിലെ ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യാനുള്ള അവസാന ദിവസം 2022 സെപ്റ്റംബർ 21 വരെയാണ്. 20 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഫൈനൽ പരീക്ഷ പാസാകുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

http://www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് സെപ്റ്റംബർ 22 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ക്ലാസുകളിൽ പങ്കെടുക്കാവുന്നതാണ്.

8. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം സെപ്റ്റംബർ 26 മുതൽ 30 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. **കാർഷിക നിർദ്ദേശങ്ങൾ**

മഴക്കാലത്ത്, ജാതിയിൽ കായ്അഴുകൽ, ഇലകൊഴിച്ചിൽ എന്നീ രോഗങ്ങൾ വരാൻ സാധ്യതയുണ്ട്. മുൻകരുതലായി രണ്ടുകിലോ ട്രൈക്കോഡെർമ 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻപിണ്ണാക്കുമായി കൂട്ടികലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ച വെച്ച മിശ്രിത്തിൽ നിന്ന് 2.5 കിലോവീതം ഓരോ മരത്തിന് ചുവട്ടിലും ഇട്ടുകൊടുക്കുക. ഒരു മാസത്തുനു ശേഷം സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന അളവിൽ കലർത്തി രണ്ടോ മൂന്നോ തവണകളായി തളിക്കുന്നത് രോഗം വരുന്നത് പ്രതിരോധിക്കാൻ നല്ലതാണ്. അല്ലെങ്കിൽ ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം കലക്കിതളിക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം